
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13. Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

Editors

P. K. VARGHESE — J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 13 October 1999 No. 7

## എഡിറേറാറിയൽ

ധാർമ്മികതക്കു പോലും മുൻതൂക്കം കൊടുക്കാതെ പ്രവർത്തിക്കുന്ന മതനേതാക്കന്മാർ യേശുവിന്റെ കാലയളവിൽ ഉണ്ടായിരുന്നു. അവർ എന്തിനും ഏതിനും ന്യായപ്രമാണത്തെ എടുത്തു കാണിക്കും. പക്ഷെ അവരുടെ ഹൃദയവുമായി അതിനു ബന്ധമില്ലായിരുന്നു. മനുഷ്യത്വം പോലും മറന്നു കളയുന്ന സ്വഭാവമായിരുന്നു അവരുടേത്. അവർ സ്വർഗ്ഗ രാജ്യത്തിൽ കടക്കുകയില്ല, കടക്കുവാൻ ആഗ്രഹിക്കുന്നവരെ കടത്തുന്നുമില്ല. അവർക്കു തോന്നുന്നതുപോലെയുള്ള ജീവിതം നയിക്കുന്നവരായിരുന്നു അവർ. മതപരമായ ചടങ്ങുകൾ എല്ലാം കൃത്യമായി നിർവ്വഹിക്കും. പക്ഷെ അവർ തങ്ങളുടെ സഹ സഹോദരങ്ങളോടു പെരുമാറുന്നതു തികച്ചും ലജ്ജാവഹമായിട്ടു തന്നെ. ദൈവ നാമം ദുഷിക്കപ്പെടുന്നതു ഇത്തരം ആളുകളിൽ കൂടെയാണ്. പുറമെ അവർ കാണാൻ കൊള്ളാം. പക്ഷെ അകം വൃത്തിഹീനമായിരിക്കും. കപട ഭക്തിക്കാരായ പരീശൻമാർ ആ വിധത്തിലുള്ളവർ ആയിരുന്നു. അവർ വെള്ളതേച്ച ശവക്കല്ലറകളത്രെ. പുറമെ കാണാൻ വൃത്തിയായിരിക്കും. പക്ഷെ ഉള്ളിൽ ചീഞ്ഞു നാറുന്നു. ദൈവ നീതി കാററിൽ പറത്തി മനുഷ്യരെ ആകർഷിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്യുന്നവരാണ് ഇവർ. ഇവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നതാണ് വാസ്തവം.

ഇന്നും മതത്തിന്റെ പേരിൽ ജീവിക്കുന്നവരും മതപര

മായ പ്രവർത്തനങ്ങൾ നടത്തുന്നവരും ഇതേ സ്വഭാവമുള്ള വരായി അറിയപ്പെടുന്നതു ഖേദകരമാണ്. രാഷ്ട്രീയക്കാർ, നമുക്കറിയാം. ഭൂരിഭാഗം പേരും ആദർശത്തെ നോക്കാറില്ല. സ്വന്തം കാര്യലാഭത്തിനായി എന്തു ഹീനവൃത്തിയും ചെയ്യാമെന്ന അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ടു സത്യസന്ധരായ ആളുകൾക്കു രാഷ്ട്രീയത്തിലും രാഷ്ട്രീയ നേതാക്കന്മാരിലും വിശ്വാസം നഷ്ടപ്പെട്ടിരിക്കയാണ്. പക്ഷെ ആത്മിക ജീവിതം നയിക്കുന്നു എന്നഭിമാനിക്കുന്നവർ ഈ രീതിയിൽ അധഃപ്പതിച്ചാൽ എന്തായിരിക്കും സ്ഥിതി ? കർത്താവിന്റെ സഭയിലുള്ളവർ അങ്ങനെ ചെയ്താൽ അതെത്ര ഗൗരവമായി എടുക്കണം എന്നു ചിന്തിക്കുക. അതു കർത്താവിനെ അപമാനിക്കുന്നതിനു തുല്യമാണ്. ആത്മാവിനാൽ നയിക്കപ്പെടുന്നവരിൽ ജഢിക സ്വഭാവം കാണാൻ പ്രയാസമാണ്. ജഢികന്മാരിൽ ആത്മിക സ്വഭാവവും കാണുകയില്ല. സത്യസന്ധതയും ആത്മാർത്ഥതയും ഇല്ലെങ്കിൽ അങ്ങനെയുള്ളവരുടെ പ്രവർത്തനം കൊണ്ട് എന്തുഫലം ? ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ നല്ല സ്വീകാരം മുറുകെ പിടിക്കുന്നവരായിരിക്കണം ദൈവത്തെ സേവിക്കുന്നവർ. ഇന്നു ഉപദേശങ്ങളുടേയും ഉപദേഷ്ടാക്കന്മാരുടേയും ആധിക്യം ജനങ്ങളിൽ വിശ്വാസക്കുറവു വരുത്തിയിരിക്കയാണ് എന്നു പറയാം.

ഓരോരുത്തരും താന്താന്റെ പ്രവൃത്തിയെ ശോധന ചെയ്യണം. ഞാൻ ചെയ്യുന്ന പ്രവൃത്തി മറ്റൊരാളെ ഒരു വിധത്തിലും പ്രതികൂലമായി ബാധിക്കാതിരിക്കണം. ഉൽകൃഷ്ട മനോഭാവമാണ് അതിനു വേണ്ടത്. ഇടുങ്ങിയ ചിന്താഗതിക്കാർക്കു പററിയതല്ല പൊതുപ്രവർത്തനം. ക്രിസ്തുവിന്റെ വഴി പിൻപററുന്നവരും അവനെ സേവിക്കുന്നവരും പരമാർത്ഥത്തിൽ അനുകരിക്കേണ്ടതു അവൻ നമുക്കു കാണിച്ചു തന്ന മാർഗ്ഗമാണ്.

★

# ആരുമായി കൂട്ടായ്മ ആകാം

## J.C. ചോട്ട്

കൂട്ടായ്മ എന്നുവച്ചാൽ സ്നേഹബന്ധം, ബന്ധപ്പെടൽ, അന്യോന്യം ഉള്ള ഉറപ്പെടൽ എന്നൊക്കെ അർത്ഥമുണ്ട്. പക്ഷെ ഇതു സ്വീകരിക്കുന്നതു ചില നിയമാവലികളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിലാണ്. ആത്മിയമായി ഇതു, ഒരേ കുടുംബത്തിലുള്ളവർ തമ്മിലുള്ള ബന്ധമാണ്. അതു ദൈവകല്പനകൾ വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും ഉള്ള യോജിപ്പിന്റെ അടിസ്ഥാനത്തിലാണ്. അതു ദൈവ വചനമെന്ന അടിസ്ഥാനത്തിന്മേലായിരിക്കണം. വചനത്തിനെതിരായ രീതിയിലുള്ള കൂട്ടായ്മ ദൈവം വെറുക്കുന്ന ഒന്നാണ്. നമുക്കു ചിലരുമായി കൂട്ടായ്മ ആകാം എന്നു പറയുമ്പോൾ, കൂട്ടായ്മ പുലർത്താൻ പാടില്ലാത്ത ആളുകളുമുണ്ടെന്നർത്ഥം. ആദ്യമായി നമുക്കു ആരുമായി കൂട്ടായ്മ പാടില്ല എന്നു നോക്കാം. അതിനുശേഷം ആരൊക്കെയായിട്ടു കൂട്ടായ്മ ആകാം എന്നു നോക്കാം.

1. സാത്താൻ അല്ലെങ്കിൽ പിശാച്. ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന പിശാചുമായി നമുക്കു കൂട്ടുപാടില്ല. കാരണം അതു ദൈവത്തിനു അനിഷ്ടമാണ്. അപ്പൊസ്തലനായ പൌലൊസ് അതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. "അല്ല ജാതികൾ ബലി കഴിക്കുന്നതു ദൈവത്തിനല്ല, ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രേ, എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസ്സില്ല. നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല (1 കൊരിന്ത്യർ 10: 20,21). അതുകൊണ്ട് ക്രിസ്തുവിലായി തീർന്നവർക്ക് സാത്താനുമായി കൂട്ടുകൂടാൻ പാടില്ല.

2. അവിശ്വാസികളം ദൈവത്തിലും അവൻെറ വചനത്തിലും വിശ്വാസം ഇല്ലാത്തവരുമായി ബന്ധപ്പെടാവുന്നതല്ല. ദൈവം ഇല്ല എന്നു മൂഢൻ തൻെറ ഹൃദയത്തിൽ പറയുന്നു (സങ്കീർത്തനം 14:1). വിശ്വാസികൾക്കു വിശ്വാസികളുമായി കൂട്ടായ്മ ആകാം. അവിശ്വാസികളുമായി ഇണ ചേരാവുന്നതല്ല.

3. പാപികൾ. പാപത്തിൽ തുടർച്ചയായി ജീവിക്കുന്നവരുടെ ആത്മീയ കാര്യങ്ങളിൽ ബന്ധപ്പെടാവുന്നതല്ല. പാപികളെ രക്ഷിപ്പാനാണ് മനുഷ്യപുത്രൻ വന്നതു (1 തിമൊഥെയൊസ് 1:15). എന്നാൽ പാപത്തെ വെറുക്കുന്നവനാണ് ദൈവം. പാപത്തെ ഒരിക്കലും പ്രോൽസാഹിപ്പിക്കാവുന്നതല്ല. പാപികളോടു സംസാരിക്കരുതെന്നോ അവരുടെ തെററുകൾ തിരുത്തരുതെന്നോ ഇതിനർത്ഥമില്ല. യേശുക്രിസ്തു അനേകം പാപികളോടു സംസാരിച്ചിട്ടുണ്ട്. അവരുടെ രോഗങ്ങൾ നീക്കം ചെയ്തിട്ടുണ്ട്.

4. ലൗകികമായി. ലോകത്തിലുള്ളതിനെ ഒന്നും നാം സ്നേഹിക്കരുത്. ലോകസ്നേഹം ദൈവത്തോടു ശത്രുതയാകുന്നു (1 യോഹന്നാൻ 2:15). ലോകം ദൈവത്തിൻെറ സൃഷ്ടിയാണ്. പക്ഷെ ദൈവത്തേക്കാൾ കൂടുതൽ നാം ലോകത്തിലുള്ളതിനെ സ്നേഹിക്കാവുന്നതല്ല. അതു നമ്മുടെ ആത്മീയ നിലവാരത്തെ താഴ്ത്തികളയും. ലോകവും ലോകത്തിൻെറ മോഹവും ഒഴിഞ്ഞുപോകും. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും.

5. ദുരുപദേഷ്ടാക്കന്മാർ. തെററായ ഉപദേശങ്ങളെ പഠിപ്പിക്കുന്നവർ ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരാണ്. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും ദൈവ നിയമത്തെ മറിച്ചു കളയുന്നവരാണ്. അവരുമായി ബന്ധപ്പെടാവുന്നതല്ല. ചില ഉപദേശങ്ങളിൽ മാത്രമെ വ്യത്യാസമുള്ളു എന്നു കരുതി അവരുമായി കൂട്ടുചേർന്നു പ്രവർത്തിക്കുന്നവരുണ്ട്. അതു തെററാണ്. അങ്ങനെ

ചെയ്താൽ അവരുടെ ദുഷ്പ്രവർത്തിക്കു പങ്കുകാരായി തീരും. അതുകൊണ്ടാണ് ദൈവം അതു വിലക്കിയിരിക്കുന്നത്. മനുഷ്യരുടെ ഉപദേശങ്ങളാം പ്രമാണിക്കുന്നവരുടെ ആരാധനപോലും വെറുതെയാണ് (മത്തായി 15:9).

6. അവിശ്വസ്തരുമായി. സത്യത്തിന്റെ പരിജ്ഞാനത്തെ കൈക്കൊണ്ടിട്ടു പിൻ തിരിഞ്ഞുപോയ ആളുകളം ദൈവ കല്പനയെയും യേശുവിന്റെ നിയമ രക്തത്തെയും നിന്ദിച്ചവരാണ്. അവരുമായി യാതൊരു ബന്ധവും പാടില്ല. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നകന്നു പോകുന്നവർ വീട്ടിൽ വന്നാൽ അവരെ സ്വീകരിക്കരുത് എന്നു പറഞ്ഞിരിക്കുന്നു. അവർ ദൈവമില്ലാത്തവരാണ്. അവരുമായി കുശലം പറയുക പോലും അരുത്. അവൻ ക്രിസ്തുവിന്റെ ഉപദേശത്തെ മാനിക്കാത്തവരാണ്. നാം അങ്ങനെയുള്ളവരുടെ ആത്മീയമായ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. അവരുടെ തെററു തിരുത്താം. യഥാസ്ഥാനപ്പെടുത്താൻ ശ്രമിക്കാം. പക്ഷെ അവരുടെ സ്വാധീനം നമ്മെ ഒരിക്കലും ബാധിക്കരുത്.

7. വചന പ്രകാരം മുടക്കിയവർ. ഒരാരം സത്യം അനുസരിച്ചശേഷം അയാരം തെററിപോയാൽ ഒന്നോ മൂന്നോ പേർ പോയി തെററു ബോധ്യപ്പെടുത്തുകയും അതിന്റെ ഫലമായി തിരുത്താതിരുന്നാൽ സഭയായി അതുണർത്തുകയും ചെയ്തിട്ടും അയാരം മാനസാന്തരപ്പെടാഞ്ഞാൽ നാം അങ്ങനെയുള്ളവരെ സഭ കൂട്ടായ്മയിൽ നിന്നു മുടക്കുന്നു. അങ്ങനെയുള്ളവരുമായി, അയാരം മാനസാന്തരപ്പെടുന്നതുവരെ കൂട്ടായ്മ പാടില്ല (മത്തായി 18:15-17).

8. നമുക്ക് കൂട്ടായ്മ പുലർത്താൻ പററുന്നവർ ആരെല്ലാമെന്നു നോക്കാം.

(a) സുവിശേഷം അനുസരിച്ചവർ. ആദ്യം വചനം അനുസരിച്ചു കഴിഞ്ഞവർ അപ്പൊസ്ലന്മാരുടെ ഉപദേശം കേൾക്കുകയും കൂട്ടായ്മ ആചരിക്കയും ചെയ്തു (പ്രവൃത്തി 2:38-47).

(b) കർത്താവിൻെറ സഭയിലെ ദൈവ മക്കളുമായിട്ട്. അല്ലെങ്കിൽ സഭയുമായിട്ട്. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർന്നുകൊണ്ടിരുന്നു (പ്രവൃത്തി 2:47). ക്രിസ്തുവിലെ വിശ്വാസത്താൽ നാം ദൈവ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്നവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26-27).

(c) ക്രിസ്തുവിൽ ആയി തീർന്നവർ. കർത്താവിൻെറ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നതെന്തെന്നാൽ, സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും ഏകാഭിപ്രായത്തിലും ഏക മനസ്സിലും യോജിച്ചിരിക്കയും വേണം എന്നത്രെ പൗലൊസ് പ്രബോധിപ്പിച്ചതു (1 കൊരിന്ത്യർ 1:10).

(d) വചനപ്രകാരം, ഒരേ നാമം സ്വീകരിച്ചിരിക്കുന്നവരുമായി (പ്രവൃത്തി 4:12).

(e) സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവരുമായി സ്വീകാര്യമായ ആരാധന നടത്തുന്നവരുമായി മാത്രമെ നാം കൂട്ടായ്മ പങ്കിടാവു.

(f) ഒരേ സുവിശേഷം പ്രസംഗിക്കുന്നവരും അതനുസരിച്ച് ജീവിക്കുന്നവരുമായി നമുക്ക് കൂട്ടായ്മ ആകാം.

(g) വിശ്വസ്തത കാത്തു സൂക്ഷിക്കുന്നവരുമായി. മരണപര്യന്തം വിശ്വസ്തരായി ജീവിച്ചാൽ ദൈവത്തിൻെറ നിത്യജീവനു അവകാശിയായി തീരും (വെളിപ്പാട് 2:10).

നിങ്ങൾക്കു ദൈവത്തോടും അവൻെറ മക്കളോടും കൂട്ടായ്മ ഉണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ പ്രത്യാശയില്ലാത്ത നഷ്ടപ്പെട്ടവരാണ്. കർത്താവിങ്കലേക്കു തിരിഞ്ഞു അവൻെറ വചനപ്രകാരം രക്ഷിക്കപ്പെട്ടാൽ നിങ്ങൾക്കു ദൈവത്തോടും തൻെറ ഭവനമാകുന്ന സഭയോടും കൂട്ടായ്മ ഉണ്ടാകും.

★

# "പുതിയ" കൃപയോ ?

## ജോൺ ജിപ്സൺ

കൃപ എന്ന വാക്കിൻെറ അർത്ഥം അനർഹമായ ഉപകാരം എന്നാണ്. അതായതു നമുക്കു അതിനു യാതൊരു യോഗ്യതയുമില്ല എന്നർത്ഥം. മററൊരാളുടെ ഔദാര്യത്താൽ സൗജന്യമായി ലഭിക്കുന്നതിനെയാണ് കൃപ എന്നു പറയുന്നതു. നാം കൃപയാൽ രക്ഷിക്കപ്പെടുന്നു. എൻെറ ജീവിതം മുഴുവൻ കേട്ടിട്ടുള്ളതും വിശ്വസിച്ചതും പ്രസംഗിച്ചതും അതു തന്നെയാണ്. മനുഷ്യനു തൻെറ രക്ഷ നേടുവാൻ തൻേറതായി ഒന്നും ചെയ്യുവാൻ ഇല്ല. അതിൻെറ അർത്ഥം അനുസരണം വേണ്ട എന്നല്ല. പക്ഷെ മനുഷ്യൻെറ പുണ്യ പ്രവർത്തികളാലല്ല ദൈവം മനുഷ്യനെ രക്ഷിക്കുന്നത്. ദൈവത്തിൽ നിന്നും വരുന്ന സൗജന്യദാനമാണ് രക്ഷ. കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനു പ്രവൃത്തികൾ കാരണമല്ല. ദൈവ ദാനമാണ് രക്ഷ. അതാണ് സുവിശേഷ സത്യം. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സന്ദേശമാണത്.

എന്നാൽ പല ഭാഗങ്ങളിലും ഇന്നു പറഞ്ഞു കേൾക്കുന്നതു മനുഷ്യൻെറ ഭാഗത്തു നിന്നു ഒന്നും ചെയ്യേണ്ടതായിട്ടില്ല എന്നതാണ്. മനുഷ്യൻ വെറുതെ കയ്യും കെട്ടി ഇരുന്നാൽ മതി ദൈവം രക്ഷിച്ചുകൊള്ളും എന്ന സൂചനയാണ് ആളുകൾ നല്കുന്നത്. ഒരു സാധനം ആരെങ്കിലും വെറുതെ തരാമെന്നു പറഞ്ഞാൽപോലും അതു കൈപ്പററണമല്ലൊ. സ്വീകരിക്കേണ്ട കടമ മനുഷ്യൻേറതാണ്. രക്ഷയും അതുപോലെ തന്നെയാണ്. ബൈബിൾ പറയുന്ന കൃപാദാനത്തെ കുറിച്ച് പരിജ്ഞാനമില്ലാത്തവരാണ് ഇങ്ങനെ സംസാരിക്കുന്നത്. തിരുവെഴുത്തിലെ സത്യത്തെ വളച്ചൊടിക്കുന്നവരാണ് സത്യത്തെ മറെച്ചു പിടിക്കുന്നത് മനുഷ്യനു രക്ഷ വേണ്ടി വന്നതു തൻെറ പാപം നിമിത്തം ആയിരുന്നു. തെററു ചെയ്യുമ്പോൾ അവനിലെ ദൈവാത്

മാവ് അവനിൽ നിന്നു വേർപിരിയുന്നു. പ്രവർത്തിദോഷം കൊണ്ടു സംഭവിച്ച നഷ്ടം നികത്തുവാനോ പരിഹരിക്കുവാനോ മനുഷ്യനാൽ അസാദ്ധ്യം. അതുകൊണ്ടാണ് ദൈവം തന്റെ കരുണയാൽ ഒരു നീതി പൂർവ്വകമായ വഴി ഒരുക്കിയത്. സകല മനുഷ്യരേയും രക്ഷിക്കുന്നതു ഏക മാർഗ്ഗത്താലത്രെ. രക്ഷക്കു ദൈവത്തെയാണ് ആശ്രയിക്കേണ്ടത്.

ഞാൻ നഷ്ടപ്പെട്ടതിനു എനിക്കു ദൈവത്തെ പഴിക്കാമോ ? ഒരിക്കലുമില്ല. കാരണം അതെന്റെ തെററുകൊണ്ടു സംഭവിച്ചതാണ്. എന്റെ ഉത്തരവാദിത്വത്തെ ഞാൻ കാണാതിരിക്കരുത്. ഒരു പ്രത്യേക വിഭാഗത്തെ മാത്രം രക്ഷിക്കുക എന്ന ആശയം ദൈവത്തിന്റേതല്ല. ആരും നശിച്ചു പോകണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല (1 തിമൊഥെയൊസ് 2:4). ദൈവ സ്നേഹവും ദൈവ കൃപയും എല്ലാവർക്കുമായി തുറന്നു വെച്ചിരിക്കുന്നു. ഈ ലോകത്തുള്ള സകല മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങൾ അത്രെ. ആരെയും ഒഴിവാക്കുന്ന ഒന്നല്ല ദൈവ പദ്ധതി. ദൈവ കൃപ എന്ന അവസരം ആളുകൾ പാഴാക്കി കളഞ്ഞാൽ അതിനു ദൈവത്തിനു എന്തു ചെയ്യാൻ പററും ? ദൈവ നീതിയും ദൈവ നിയമവും പാലിക്കപ്പെടണം. ദൈവം ആരുടേയും മുഖം നോക്കി പ്രവർത്തിക്കുന്നവനല്ല. അപ്പൊസ്തലനായിരുന്ന പത്രൊസ് ഇതു പറയുന്നുണ്ട്. അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞു തുടങ്ങിയത്: ദൈവത്തിനു മുഖപക്ഷം ഇല്ല, എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു (പ്രവൃത്തി 10:34-35). ദൈവത്തിന്റെ ആത്മിയ നിലവാരത്തെ ജനങ്ങൾ മാനിക്കണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശം.

(ശേഷം അടുത്ത ലക്കത്തിൽ)

*

# എന്തുകൊണ്ടു ശബ്ബത്ത് പാടില്ല?

മെൽ ഫ്യൂട്രെൽ

ശബ്ബത്ത് എന്നാൽ, ഏഴാം നാൾ പഴയ നിയമ കാലത്തു ജീവിച്ചിരുന്ന ഒരു ജനവിഭാഗം ആചരിക്കേണ്ട കല്പനയായിരുന്നു. ദൈവത്തിന്റെ ഈ ആജ്ഞ ഒരു പ്രത്യേക ഉദ്ദേശത്തിനായി നല്കിയതാണ്. ദൈവം ഏഴാം നാൾ സ്വസ്ഥമായിരുന്നു. അതുപോലെ തന്റെ ജനമായിരുന്ന ഇസ്രായേൽ വിശുദ്ധ കല്പനയെ സ്വസ്ഥമായിരുന്നു ആചരിക്കണമായിരുന്നു. എന്നാൽ ഇന്നും ആ കല്പന അനുസരിക്കണമെന്നു പറയുന്നവരുണ്ട്. ഏതൊരു നിയമവും നിയമ കർത്താവിന്റെ ഉദ്ദേശത്തെ മാററി നിർത്തി നാം കാണരുത്. തിരുവെഴുത്ത് തരം തിരിച്ച് മനസിലാക്കുന്നതിലും പഠിപ്പിക്കുന്നതിലും വന്ന അപാകതയാണ് ഇത്തരം തെററിദ്ധാരണകൾക്കു കാരണം. ഈ കല്പനയുടെ പേരിൽ ഒരു വിഭാഗം ആളുകൾ തങ്ങളെത്തന്നെ സമൂഹത്തിൽ വേർതിരിച്ച് നിർത്തിയിരിക്കയാണ്. ശബ്ബത്തിനെ സംബന്ധിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഈ ലേഖനത്തിൽ നമുക്ക് ഉത്തരം കണ്ടെത്താം.

പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രതിപാദിച്ചിരിക്കുന്ന വാക്കിന്റെ മൂലഭാഷയിലെ പദങ്ങളുടെ അർത്ഥം ഏഴാം നാൾ എന്നത്രെ. ബൈബിൾ വസ്തുതകൾ ആണ് നാം ഈ വിഷയത്തിൽ തിരിച്ചറിയേണ്ടത്. മാനുഷികമായ ഉപദേശങ്ങളേക്കാൾ ദൈവത്തിന്റെ അരുളപ്പാടുകൾ ആണ് നമുക്ക് ആധാരം.

ആദിയിൽ ആയിരുന്നു ദൈവത്തിന്റെ സൃഷ്ടി നടന്നത്. ദൈവം തന്റെ പ്രവർത്തികളിൽ നിന്നു മുക്തനായ ദിവസം വിശ്രമിക്കാനായി തിരഞ്ഞെടുത്തു. ആറു ദിവസംകൊണ്ടു തന്റെ സൃഷ്ടിത്വം പൂർത്തിയാക്കി. എന്നാൽ ദൈവം വിശ്രമിച്ച ഈ ദിവസം മനുഷ്യർക്കു വിശ്ര-

മിക്കാനായി ആയിരിക്കണമെന്നു വർഷങ്ങളോളം പറഞ്ഞിരുന്നില്ല എന്നു കാണാം. അടിമ വീടായ മിസ്രയീമിൽ നിന്നു ഇസ്രായേൽ ജനത്തെ വിടുവിച്ചു കൊണ്ടു വന്നപ്പോഴാണീനിയമം കൊടുത്തത്. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു തന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിലക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത് (പുറപ്പാട് 20:8; നെഹമ്യാവ് 9:13-14). പുറപ്പാട് 16:23 വരെ ശബ്ബത്ത് കല്പിച്ചിരുന്നില്ല എന്നതാണ് സത്യം.

മൂന്നാമതായി, ശബ്ബത്ത് ഏദെൻ തോട്ടത്തിൽ വെച്ചല്ല, പിന്നെയോ, സീനായ് പർവ്വതത്തിൽ വെച്ചാണ് നല്കിയത്. പത്തു കല്പനകളോടുകൂടെ നല്കിയ ഈ കല്പന മിസ്രയീമിൽ നിന്നു അവരെ വിടുവിച്ചുകൊണ്ടുവരുന്നതുവരെ കൊടുത്തിരുന്നില്ല എന്നതു പ്രത്യേകം ഓർമ്മിക്കുക (പുറപ്പാട് 20:1-2;34:28). സീനായ് പർവ്വതത്തിൽ വെച്ചാണ് ദൈവം ഈ വിശുദ്ധ കല്പന അവർക്കു ആചരിപ്പാൻ കൊടുത്തത്. ''ദൈവം സീനായ് മലയിൽ ഇറങ്ങി ആകാശത്തു നിന്നു അവരോടു സംസാരിച്ചു അവർക്കു ന്യായമായുള്ള വിധികളും സത്യമായുള്ള ന്യായപ്രമാണങ്ങളും നല്ല ചട്ടങ്ങളും കല്പനകളും കൊടുത്തു. നിന്റെ വിശുദ്ധ ശബ്ബത്ത് നീ അവരെ അറിയിച്ചു. നിന്റെ ദാസനായ മോശെ മുഖാന്തരം അവർക്കു ചട്ടങ്ങളും, ന്യായപ്രമാണവും കല്പിച്ചു കൊടുത്തു (നെഹമ്യാവ് 9:13-14). മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണത്തിനു മുൻപ് അവർക്കു ദൈവം അരുളപ്പാട് കൊടുത്തിരുന്നു. എന്നാൽ അതിൽ ശബ്ബത്ത് ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് ഇസ്രായേൽ ജനം അതു ആചരിച്ചിരുന്നില്ല. ദൈവം പണ്ട് ഭാഗം ഭാഗമായും വിവിധം വിവിധമായിട്ടും തന്റെ ജനത്തോടു സംസാരിച്ചു. എന്നാൽ ഈ അന്ത്യകാ

ലത്ത് തൻെറ പുത്രൻ മുഖാന്തരം നമ്മോടു സംസാരിക്കുന്നു.

നാലാമതായി ശബ്ബത്ത് ഒരു സർവ്വലോക നിയമം ആയിരുന്നില്ല. ലോകത്തുള്ള സർവ്വ മനുഷ്യരും അനുസരിക്കുവാനല്ല അതു നല്കിയത്. എബ്രായർക്കു മാത്രമായി കൊടുത്ത പ്രമാണമായിരുന്നു അത്. ദൈവവും ഇസ്രായേൽ ദേശവും തമ്മിലുള്ള ഉടമ്പടിയായി മോശെയോടു എഴുതുവാൻ പറഞ്ഞ പ്രമാണങ്ങളിൽ ഒന്നായിരുന്നു ശബ്ബത്ത് (പുറപ്പാട് 34:27). അവർ തന്നെ പറയുന്നതു, ഇതു നമ്മുടെ പിതാക്കന്മാരോടല്ല, പിന്നെയോ അന്നു ജീവനോടെ ഇരിക്കുന്നവർക്കു വേണ്ടിയാണ് ഈ ചട്ടങ്ങളും വിധികളും കൊടുത്തത് എന്നത്രെ (ആവർത്തന പുസ്തകം 5:3). ചിലർ വിചാരിക്കുന്നതുപോലെ ഈ കല്പന ആരംഭത്തിൽ ഉണ്ടായിരുന്നില്ല. എല്ലാ കാലത്തേക്കും എല്ലാവർക്കുമായി കൊടുത്തിരുന്നതുമല്ല. ഈ വേദഭാഗങ്ങളിലോ മററു വേദഭാഗങ്ങളിലോ ദൈവം അങ്ങനെ പറഞ്ഞിട്ടില്ല.

അഞ്ചാമതായി, ശബ്ബത്തു നാം ആരാധനാദിവസമാണെന്നു ബൈബിൾ പറയുന്നില്ല. അതു എബ്രായ ജനത്തിനു ഓർമ്മിക്കുവാനും വിശ്രമിക്കുവാനുമായി കൊടുത്ത ദൈവ കല്പനയായിരുന്നു (പുറപ്പാട് 31:13-17, ആവർത്തന പുസ്തകം 5:15).

ആറാമതായി, ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചിരുന്നവർ ശബ്ബത്തു ലംഘിച്ചാൽ അവർക്കു മരണ ശിക്ഷയാണ് വിധിച്ചിരുന്നത് (പുറപ്പാട് 31:14-15). ഈ കല്പന ഇന്നത്തെ ശബ്ബത്തുകാർ അനുഷ്ഠിക്കുന്നുണ്ടോ ? ഏതെങ്കിലും ഒരു വേദഭാഗമെടുത്ത് ഒരു പ്രത്യേക ഉപദേശം ആയി സ്വീകരിക്കയാണ് അവർ ചെയ്യുന്നത്. ദൈവത്തിൻെറ ചട്ടങ്ങളും പ്രമാണങ്ങളും ആരോടാണ് പറഞ്ഞിരിക്കുന്നതെന്നു പ്രത്യേകം മനസ്സിലാക്കണം (നെഹെമ്യാവ് 8:1;8:18).

ഏഴാമതായി പൌലൊസ് പുതിയ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിനു ഫലം കായ്ക്കുമാറു, മരിച്ചിട്ടു ഉയിർത്തെഴുന്നേററവനായ വേറൊരുത്തനു ആകേണ്ടതിനു നിങ്ങളും ക്രിസ്തുവിൻെറ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു (റോമർ 7:4) എന്നാണ്. ന്യായപ്രമാണം ഒരു നിഴൽ മാത്രമായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ പ്രമാണം ആണ് ക്രിസ്തുവിൻെറ മരണശേഷം നിലവിൽ ഇരിക്കുന്നത്. അതുകൊണ്ടു ന്യായപ്രമാണം ഇന്നു അപ്രസക്തമായി തീർന്നിരിക്കുന്നു.

അടുത്തതായി കൊലൊസ്യ ലേഖനത്തിൽ പൌലൊസ് പറയുന്നതു: അതിക്രമങ്ങളെ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു എന്നത്രെ (കൊലൊസ്യർ 2:14). പെരുനാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിൽ ആരും നിങ്ങളെ വിധിക്കരുത് എന്നു പറഞ്ഞിട്ടുണ്ട് (കൊലൊസ്യർ 2:17).

ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികൾ ആരും ശബ്ബത്ത് ആചരിച്ചിരുന്നില്ല. അവർ ആ ദിവസങ്ങളിൽ എല്ലാം നഷ്ടപ്പെട്ട ആത്മാക്കളോടു സുവിശേഷം പ്രസംഗിക്കുകയായിരുന്നു (പ്രവൃത്തി 5:42). ക്രിസ്ത്യാനികൾ കൂടി വന്നിരുന്നത് ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാളിൽ ആയിരുന്നു. അവരോടു കർത്താവു കല്പിച്ചത് അതായിരുന്നു (പ്രവൃത്തി 20:7-17; 1 കൊരിന്ത്യർ 16:1-2). ആകയാൽ ഇന്നു പുതിയ നിയമ പ്രകാരം ദൈവത്തെ ആരാധിക്കേണ്ടതു ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ ആണ്. ശബ്ബത്തു നമുക്കുള്ളതല്ല.

★

# ഒലിവു വൃക്ഷം പോലെ ആകുക

നീൽ പൊളാർഡ്

ഭൂമിശാസ്ത്രവും ചരിത്രവുമായ രീതിയിൽ സംഭവിച്ച കാര്യങ്ങളെ പ്രതിപാദിച്ചിരിക്കുന്ന ബൈബിൾ എത്ര ശ്രേഷ്ഠ ഗ്രന്ഥമാണെന്നു പറഞ്ഞറിയിക്കേണ്ട കാര്യമില്ല. പഴയ നിയമ കാലയളവിൽ ജീവിച്ചിരുന്ന ആളുകളെയും കാലങ്ങളെയും പരിശോധിച്ചാൽ വളരെ വ്യത്യാസം പുതിയ നിയമ കാലയളവിലെ വ്യക്തികളിലും മറ്റും കാണാവുന്നതാണ്. ആചാരങ്ങളിലും സംസ്കാരങ്ങളിലും ഈ വ്യത്യാസം പ്രകടമാണ്. പുരാതന കാലയളവിൽ ഉണ്ടായിരുന്ന ഒലിവു വൃക്ഷം പൂർവ്വഘട്ടത്തിനു സമീപം വസിച്ചിരുന്ന ആളുകൾക്കു പ്രത്യേകതയുള്ളതായിരുന്നു.

ചില സന്ദർഭങ്ങളിൽ ആത്മീയ കാര്യങ്ങൾക്കു ഒലിവെണ്ണ ഉപയോഗിച്ചിരുന്നതായി നമുക്കു കാണാം. (സെഖര്യാവ് 4:2-6; 1 ശമുവേൽ 10-ാം അദ്ധ്യായം). ഈ ഒലിവു വൃക്ഷങ്ങളുടെ ആധിക്യം ഓരോരുത്തരുടെ സമൃദ്ധിയെ വിളിച്ചോതുന്നു. എങ്ങനെയായാലും ഒലിവു വൃക്ഷത്തെ പോലെയുള്ള വേലക്കാരാണ് ഇന്നു കർത്താവിനുള്ളതെങ്കിൽ വളരെ ഫലപ്രദമായ ശ്രേഷ്ഠ പൗരന്മാർ കർത്താവിന്റെ രാജ്യത്തിൽ അവനുണ്ടാകുമായിരുന്നു.

## അതിന്റെ എണ്ണ വിലമതിക്കാനാകാത്തത്

ഒലിവു മുൻപ് പ്രസിദ്ധമായത് അതിന്റെ ഫലം, എണ്ണ, തടി എന്നിവയനുസരിച്ചാണ് ആഹാര ക്രമീകരണത്തിനു മുഖ്യ പങ്കു വഹിച്ചിരുന്ന ഒന്നാണ് ഒലിവെണ്ണ (ലേവ്യാപുസ്തകം 2:4-6). വിളക്കിൽ ഒഴിച്ചിരുന്ന എണ്ണയും ഇതായിരുന്നു (പുറപ്പാട് 27:20). അഭിഷേകം ചെയ്യുന്നതിനും ഇതുപയോഗിച്ചിരുന്നു (പുറപ്പാട് 29:7). ഔഷ

ധമായിട്ടും സുഗന്ധമായിട്ടും ഒലിവെണ്ണ ഉപയോഗിച്ചിരുന്നു (സങ്കീർത്തനങ്ങൾ 104:15). ഇതുപോലെ പ്രയോജനമുള്ളവരാകണം ക്രിസ്ത്യാനികൾ. യേശുക്രിസ്തു പറഞ്ഞതും അതു തന്നെയാണ് (മത്തായി 5:14-16).

## അതിന്റെ വേരുകൾ ഒന്നും ആവശ്യപ്പെടാത്തത്

ഏതു സാഹചര്യത്തിലും, പ്രത്യേകിച്ച് വരൾച്ചയിലും ഒന്നും ആവശ്യമില്ലാത്തതുപോലെ നിലനില്ക്കുന്നു. അതുപോലെ ഏതു സാഹചര്യത്തിലും പ്രത്യേകിച്ച് പ്രതികൂല സാഹചര്യത്തിലും പരാതിയോ പരിഭവമോ, ആവശ്യങ്ങൾ നിരത്തുകയോ ചെയ്യാത്ത ക്രിസ്തീയ ജീവിതം നയിക്കുക എന്നതാണ് കർത്താവിന്റെ ശിഷ്യന്മാർക്കാവശ്യം. സ്വയം പര്യാപ്തമായ നിലനില്പ് കർത്താവിൽ ആയിതീർന്നവർക്കു വേണം.

## അതിന്റെ പുഷ്പങ്ങൾ വേഗത്തിൽ പൊഴിക്കുന്നു

ഇയ്യോബിന്റെ സ്നേഹിതനായിരുന്ന എലീഫാസ് ഈ കാര്യം വ്യക്തമാക്കുന്നുണ്ട് (ഇയ്യോബ് 15:33). ഒന്നിടവിട്ട വർഷം പുഷ്പിക്കുന്ന വൃക്ഷമാണ് ഒലിവ്. എന്നാൽ ഈ പുഷ്പങ്ങൾ ധ്രുത ഗതിയിൽ പൊഴിഞ്ഞുപോകും. ലോകത്തിൽ ജീവിക്കുന്നവരാണ് ക്രിസ്ത്യാനികൾ. എന്നാൽ ഈ ലോകത്തിന്റേതായ ആകർഷണങ്ങൾ നമ്മിൽ വരുന്നതു അതേ വേഗത്തിൽ തട്ടിക്കളയുവാൻ നമുക്കു കഴിയണം. കാരണം അവയെല്ലാം ദൈവ നിയമത്തിനു വിരുദ്ധമാണ്. ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളെ നാം ഉടനെ വിട്ടുകളയണം (റോമർ 13:12). മുൻപേ ഉണ്ടായിരുന്ന നമ്മുടെ പഴയ മനുഷ്യനെ ഉപേക്ഷിക്കുവാനാണ് ക്രിസ്ത്യാനിയോടു ദൈവം പ്രബോധിപ്പിക്കുന്നതു (എഫെസ്യർ 4:22). നമ്മുടെ ആകുലതകളും ചിന്താഭാരവും കർത്താവിൽ അർപ്പിക്കുക. അവൻ നിങ്ങളെ കുറിച്ച് കരുതുന്നവനാകുന്നു (1 പത്രൊസ് 5:7).

അഹങ്കാരവും സ്വപ്രവൃത്തികളും ക്രിസ്ത്യാനികൾ നീക്കികളയണം. ദൈവ ജനത്തിനുള്ള പോരാട്ടം ആത്മീയമാണ്. നാം ജഡത്തിൽ വസിക്കുന്നു എങ്കിലും നമുക്കു പോരാടുവാനുള്ളതു ജഡ രക്തങ്ങളോടല്ല. സങ്കല്പങ്ങളും ഊഹാപോഹങ്ങളും ദൈവ മക്കൾ ഉപേക്ഷിക്കണം. മാത്രമല്ല, ദൈവ പരിജ്ഞാനത്തിനു ഉപരിയായി തോന്നുന്ന ഒന്നും ശരിയായതല്ല. അതെല്ലാം നമ്മെ പിശാചിന്റെ അടിമത്വത്തിലേക്കു നയിക്കുന്ന ആകർഷണമാണ്. നമ്മുടെ ചിന്തകൾ ഒക്കെയും ക്രിസ്തുവിനെ പൂർണ്ണമായും അനുസരിക്കുക എന്നതായിരിക്കണം (2 കൊരിന്ത്യർ 10:3-5). അഭക്തിയുടെ തടവാണോ വേണ്ടത് അതോ ഭക്തിയുടെ ഫലമായി കിട്ടുന്ന നിത്യഭാഗ്യമാണോ എന്നാണ് നാം ആദ്യം വിചാരിക്കേണ്ടത്. മാനുഷിക വിവേചനവും ദൈവീക വിവേചനവും രണ്ടു തരത്തിലുള്ളതാണ്. ദൈനന്തിന കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ തെററും ശരിയും വിവേചിച്ച് അന്തിമമായ തീരുമാനത്തിലെത്തുക. എന്നതു വളരെ ക്ലേശിപ്പിക്കുന്ന ഒന്നാണ്. പ്രാകൃതമായ കണക്കു കൂട്ടലുകളെ നാം അവഗണിക്കുവാനുള്ള മുന്നറിയിപ്പ് ഓർക്കുക (കൊലൊസ്യർ 2:18-23).

## അതിന്റെ ഇലകൾ സൗന്ദര്യം നിറഞ്ഞിരിക്കുന്നവ

പാലസ്തീന്റെ പുരാതന അവസ്ഥ നോക്കിയാൽ അതു വാസ്തവമെന്നു ബോധ്യമാകും (ഹോശെയ 14:6). മുകളിൽ പച്ചനിറവും അടിവശം വെള്ളിനിറവും ഉള്ള ഇലകളാണ് ഒലിവിനുള്ളത്. ഈ ഇലകളുടെ ഹരിതവർണ്ണം ഒരിക്കലും മങ്ങാതെ നില്ക്കുന്നു എന്നതു പ്രത്യേകത തന്നെയാണ്. വിശ്വസ്തത എന്ന സൗന്ദര്യത്തെ നാം ഇതിലൂടെ കാണുന്നു. രൂത്തിന്റെ ജീവിതം മുഴുവൻ ഈ തത്വത്തെ വിളിച്ചോതുന്നു (രൂത്ത് 1:16). മനുഷ്യൻ കാണുന്ന സൗന്ദര്യം പുറമെയുള്ളത്. പക്ഷെ ദൈവം അകമെയുള്ളതു നോക്കുന്നു (1 ശമുവേൽ 16:7). ദൈവം മനോഹരമായി കാണുന്നത് ഹൃദയ വിശുദ്ധിയാണ് (സങ്കീർ

ത്തനങ്ങൾ 29:2). നന്മ സുവിശേഷിക്കുന്ന ഉപദേഷ്ടാക്കന്മാരുടെ കാൽ എത്ര മനോഹരം എന്നു റോമർക്കു എഴുതിയ ലേഖനത്തിൽ പൌലൊസ് പറയുന്നു (റോമർ 10:15). യെശയ്യാവ് യേശുക്രിസ്തുവിനെ മനോഹരമായ ഒരു മുളയായി ഉപമിച്ചിട്ടുണ്ട്.

ക്രിസ്ത്യാനികൾക്കു സൗന്ദര്യം വേണം. അതു ആത്മികമാണ്. ഫലം കായ്ക്കുകയും വേണം. ദൈവത്തിനു സൗരഭ്യ വാസനയായി നമ്മുടെ ജീവിതം മാറണം (യോഹന്നാൻ 15:5). ക്രിസ്തുവിന്റെ ചൂടടയാളം ശരീരത്തിൽ വഹിക്കണം (ഗലാത്യർ 6:17). ഒരാൾ അനേകം പേരെ അനീതിയിലേക്കു തിരിക്കുമ്പോൾ ആ വ്യക്തി ദൈവത്തിന്റെ ദൃഷ്ടിയിൽ സൗന്ദര്യമുള്ള ആളാണ് (ദാനിയേൽ 12:3). ഒരാൾ ക്രിസ്തുവിന്റെ വെളിച്ചത്തിൽ നടക്കുമ്പോൾ അതു സൗന്ദര്യമുളവാക്കുന്നു. ദൈവ ജനം ആത്മീയ സേവനത്തിൽ വിശ്വസ്തത പുലർത്തണം (1 കൊരിന്ത്യർ 4:2; 1 തിമൊഥെയൊസ് 1:12). ക്രിസ്ത്യാനികൾ, ക്രിസ്ത്യാനികളായി മാത്രം ജീവിക്കുന്ന ഒരു സമൂഹം ആ രാജ്യത്തിൽ എത്ര മനോഹരമായിരിക്കുമെന്നു ചിന്തിക്കുക. ഇന്നത്തെ സമൂഹത്തിനു നല്ലൊരു ജീവിത മാർഗ്ഗവും പ്രത്യാശയും ഉറപ്പു വരുത്തുന്ന ശ്രേഷ്ഠമായ സൗന്ദര്യത്തെ നമുക്കു ലോകത്തിനു കാണിച്ചു കൊടുക്കാം.

മന്ദ ഗതിയിലാണ് ഒലിവു വൃക്ഷം വളരുന്നതെങ്കിലും ദീർഘകാലം നിലനില്ക്കുന്നു. അത്യുഷ്ണത്തെയും അതിജീവിക്കാനുള്ള കഴിവ് ഈ വൃക്ഷത്തിനുണ്ട്. ക്രിസ്ത്യാനികളും അതുപോലെയായിരിക്കണം. എന്നേക്കുമുള്ള ഒരു വളർച്ചയാണ് നമ്മിൽ വേണ്ടത്. ഏതവസ്ഥയിലും പിടിച്ചു നില്ക്കുവാനുള്ള ആത്മീയ ബലം വിശ്വസ്തതയോടെ കാത്തു സൂക്ഷിക്കുക. സമൃദ്ധിയിൽ ദൈവത്തിനു മഹത്വം കൊടുക്കുക. പാപത്തെ പൂർണ്ണമായി ചിന്തയിൽ നിന്നു വേരോടെ പിഴുതു കളയുക.

★

# ഇരുട്ടിന്റെ അധികാരം

## ഗ്ലെൻ കോളെ

നിങ്ങൾ എപ്പോഴെങ്കിലും പിശാചിനെ കുറിച്ച് വിസ്മയപ്പെട്ടിട്ടുണ്ടോ ? അതെവിടെ നിന്നു വന്നു ? അതിനു എന്തുമാത്രം ശക്തിയുണ്ട് ? വാസ്തവത്തിൽ എന്താണീ പിശാചിന്റെ പ്രവർത്തനം ? ഈ ചോദ്യങ്ങൾ സാധാരണക്കാരിൽ നിന്നു ഉയർന്നു വരാറുള്ളതാണ്. പക്ഷെ ഇതിനെല്ലാം ഉത്തരം കണ്ടെത്താവുന്നതാണ്. ദൈവം അവ വെളിപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിട്ടുള്ള പിശാച് ഭയാനക രൂപിയാണ്. സത്യവേദപുസ്തകം ഇതിനെ സംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം നമുക്ക് നല്കുന്നുണ്ട്.

വ്യത്യസ്ത രീതികളിലും ഭാവങ്ങളിലും പ്രത്യക്ഷപ്പെടുന്ന പിശാചിനെ ബൈബിളിൽ വേർ തിരിച്ച് കാണിക്കുന്നുണ്ട്. ''സഹോദരന്മാരെ കുററം ചുമത്തുന്നവൻ'' എന്നു വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. എതിരാളിയായിട്ടാണ് പത്രൊസിന്റെ ലേഖനത്തിൽ അവനെ പറഞ്ഞിരിക്കുന്നത് (1 പത്രൊസ് 5:8). ഭോഷ്ക്കു പറയുന്നവനും അവന്റെ അപ്പനും ആണ് പിശാചെന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 8:44). അഗാധകൂപത്തിന്റെ ദൂതൻ എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (വെളിപ്പാട് 9:11). ശത്രു എന്നാണ് മത്തായി 13:39-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദുഷ്ടാത്മാവ് എന്നു ശമുവേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു (1 ശമുവേൽ 16:14). ഭോഷ്ക്കിന്റെ ആത്മാവായിട്ടും പഴയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നു (1 രാജാക്കന്മാർ 22:22). കുലപാതകനാണ് പിശാച് (യോഹന്നാൻ 8:44). പഴയ പാമ്പ് എന്നു വെളിപ്പാടിന്റെ പുസ്തകം പന്ത്രണ്ടാം അദ്ധ്യായം ഒമ്പതാം വാക്യത്തിൽ കാണുന്നു. കൊലൊസ്യർക്കു ലേഖനം എഴുതുമ്പോൾ സൂചിപ്പിച്ചത് ഇരുട്ടിന്റെ അധികാര

മാണ് പിശാചിനുള്ളത് എന്നു കാണുന്നു. (കൊലൊസ്യർ 1:13). ലോകത്തിൻെറ പ്രഭുവായി പിശാചിനെ ചിത്രീകരിച്ചിട്ടുണ്ട് (യോഹന്നാൻ 12:31). പരീക്ഷകൻ എന്നും പറഞ്ഞിട്ടുണ്ട് (മത്തായി 4:3).

പിശാചിനെ കുറിച്ചു നമുക്കു ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. അവ പലരുടേയും ഉള്ളിലെ തെററായ വിചാരങ്ങൾ മാററാൻ സഹായകരമായി തീരും എന്നു കരുതുന്നു.

1. ദൈവം പണ്ടു പണ്ടേ ഉണ്ടായിരുന്ന വ്യക്തിയാണ് എന്നു നമുക്കറിയാം. ഉല്പത്തി 1:1 അതാണ് വെളിപ്പെടുത്തുന്നത്. സാത്താൻെറ നിലനില്പിനെ സംബന്ധിച്ചും അതിനെ തുടർന്നു നാം വായിക്കുന്നുണ്ട് (ഉല്പത്തി 3:1). സകലത്തേയും സൃഷ്ടിച്ചതു ദൈവമാകയാൽ തൻെറ സൃഷ്ടിതത്തിൽ സാത്താൻ കൂടെ ഉൾപ്പെട്ടിരുന്നു.

2. ദൈവവും സാത്താനും തമ്മിൽ സംഭാഷണം നടത്തിയിരുന്നു. ദൈവ സന്നിധിയിൽ വന്ന പിശാചിനോടു: നീ എവിടെ നിന്നു വരുന്നു എന്ന ചോദ്യത്തിനു അവൻ മറുപടി പറയുന്നുണ്ട്. അതിന്നു അവൻ: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നു പറഞ്ഞു. വീണ്ടും ദൈവം അവനോടു: എൻെറ ദാസനായ ഇയ്യോബിനെ നീ കണ്ടുവോ ? അവനെപോലെ നേരുള്ളവനും വിശ്വസ്തനും ദോഷം വിട്ടകലുന്നവനും ദൈവ ഭക്തനുമായി മററാരും ഇല്ലല്ലൊ എന്നു പറഞ്ഞു (ഇയ്യോബ് 1:7-8). നന്മ മാത്രമുള്ള ദൈവവും തിന്മ മാത്രമുള്ള പിശാചും തമ്മിൽ സംസാരിക്കുകയോ എന്നു സംശയിച്ചേക്കാം. പക്ഷെ ദൈവത്തിൻെറ സ്വഭാവ വിശേഷത മനുഷ്യരിൽ നിന്നു വിഭിന്നമാണ്. അതു പൂർണ്ണമായി ചിത്രീകരിക്കാൻ മനുഷ്യബുദ്ധിക്കു അസാദ്ധ്യമത്രെ.

3. ദൈവത്തിനു സാത്താന്റെ മേൽ നിയന്ത്രണം നടത്തുവാൻ കഴിയും. കാരണം അവൻ സർവ്വശക്തനാണ്. ഇയ്യോബിന്റെ പുസ്തകം വായിച്ചാൽ പഴയ നിയമത്തിൽ ദൈവം പിശാചിനു പ്രവർത്തിക്കുവാനുള്ള അതിരുകൾ നിശ്ചയിച്ചിരുന്നു എന്നു മനസിലാകും. ആദ്യം യഹോവ അവനോടു അവനുള്ളതൊക്കെയും ഞാൻ നിന്റെ കയ്യിൽ ഏല്പിക്കുന്നു. എന്നാൽ അവന്റെ മേൽ നീ കൈവെക്കരുത് എന്നു പറഞ്ഞു. അപ്പോൾ പിശാച് ദൈവ സന്നിധിയിൽ നിന്നു പുറപ്പെട്ടു പോയി (ഇയ്യോബ് 1:12).

രണ്ടാമതും അവൻ ദൈവ മുൻപാകെ വന്നു. ഇപ്പോൾ കർത്താവു പറഞ്ഞതു: ഞാൻ അവനെ നിന്റെ കയ്യിൽ ഏല്പിക്കുന്നു. എന്നാൽ അവന്റെ പ്രാണനെ മാത്രം രക്ഷിക്കുക (ഇയ്യോബ് 2:6). നമുക്കറിയാം ഇതൊക്കെ അനുവദിച്ചു കിട്ടിയിട്ടും ദൈവ നിയന്ത്രണം ഉണ്ടായിരുന്നതുകൊണ്ടു ഇയ്യോബ് ആ പരീക്ഷണങ്ങളിൽ വിജയിച്ചു. കാരണം അവൻ തന്റെ ദൈവത്തിൽ ഉറച്ചു നിന്നു. ദൈവത്തിന്റെ ഇടപെടലിനെയും നിയന്ത്രണത്തെയും സംശയിക്കുന്നവർ പതറിപോകും.

പരീക്ഷിക്കപ്പെടേണ്ടതിനു യേശുവിനെ മരുഭൂമിയിലേക്കു കൊണ്ടുപോയി. പിശാച് യാദൃശ്ചികമായി അവിടെ വന്നതല്ല. ആ പ്രത്യേക സ്ഥലത്തും സമയത്തും പിശാച് അവിടെ വരുമാറാക്കിയത് ദൈവമാണ്. യേശുവിനെ പരീക്ഷിച്ച പിശാച് അവസാനം പിൻവാങ്ങി പോകയാണുണ്ടായത്. ദൈവം അനുവദിക്കാതെ ആർക്കും ഒന്നും ചെയ്യാൻ പററുകയില്ല. ഒരു പരിധിവരെ ദൈവം അവനെ അനുവദിക്കും. അതിനപ്പുറം സമ്മതിക്കയില്ല.

ദൈവം ഇപ്പോഴും പിശാചിന്റെ മേൽ നിയന്ത്രണം നടത്തുന്നുണ്ടോ എന്നതാണ് ചോദ്യം. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ദൈവം പിശാചിന്റെ ദുഷ്പ്രവർ

ത്തികളെ തടസം ചെയ്യാതിരിക്കുന്നത് ? അതിൻെറ ഉത്തരം പുതിയ നിയമത്തിൽ തന്നെയുണ്ട്. പരീക്ഷണം ഉണ്ടാകാത്ത മനുഷ്യർ ആരും തന്നെയില്ല. എന്നാൽ ദൈവത്തിൻെറ ഇടപെടൽ എങ്ങനെ എന്നു പരിശോധിക്കാം. "മനുഷ്യർക്കു നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കു വഴിയും ഉണ്ടാക്കും" (1 കൊരിന്ത്യർ 10:13).

കഷ്ടത എന്ന വാക്കിനു അനുവദിക്കുക എന്ന അർത്ഥവുമുണ്ട്. ദൈവം അതനുവദിക്കുന്നു. എന്നാൽ സഹിപ്പാൻ കഴിയുന്നതിനു അപ്പുറമായി അനുവദിക്കയുമില്ല. പഴയ നിയമ കാലയളവിൽ ദൈവം ഒരു പരിധിവെച്ചു പ്രവർത്തിക്കുവാൻ അനുവദിച്ചതുപോലെ ഒരു പരിധിവരെ ഇന്നും ദൈവം അനുവദിക്കും. പക്ഷെ നാം അതു സഹിച്ചു നിന്നാൽ സാത്താൻ പിൻവാങ്ങി പോകും എന്നതാണ് സത്യം. ദൈവം നമുക്കു നീക്കുപോക്കു വരുത്തും എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തിലുള്ള ആശ്രയം നാം വിട്ടു കളയാതെ കർത്താവിൻെറ ഇഷ്ടം ഇന്നതെന്നു തിരിച്ചറിഞ്ഞു കൃപയിലും പരിജ്ഞാനത്തിലും നാം വളരണം (2 പത്രൊസ് 3:18).

സ്വയമായി തീരുമാനിച്ച് സേവ ചെയ്യുന്ന ദാസന്മാരെയും ദാസിമാരെയും ആണ് ദൈവത്തിനു വേണ്ടത്. അതിനു ആത്മീയമായ കരുത്ത് വേണം. ക്ഷണഭംഗുരമായ ശക്തികൾക്കൊന്നും ഇളക്കാൻ പററാത്തവരായിരിക്കണം ദൈവത്തോടുകൂടെയുള്ളവർ. അധൈര്യമോ, ഭീരുത്വമോ ദൈവത്തിനിഷ്ടമല്ല. സ്വതന്ത്രമായി ചിന്തിച്ച് ദൈവത്തെ അനുഗമിക്കുന്നവരെയാണ് ദൈവത്തിനിഷ്ടം. ലോകത്തിനു ഏററവും പ്രിയനായ സാത്താനെ ത്യജിച്ചു കളയുവാനുള്ള ധൈര്യമാണ് സഹോദരന്മാരെ നമുക്ക് വേണ്ടത്

★

# വിട്ടുവീഴ്ച്ച എന്ന പാപം

**ജോണി രാംസെ**

പല കാര്യങ്ങളിൽ നാം അനുവർത്തിച്ചുകൊണ്ടിരുന്ന നയമാണ് വിട്ടുവീഴ്ച്ച. ഏതിലൊക്കെ വിട്ടുവീഴ്ച്ചയാകാം എന്നതു അതു തിരഞ്ഞെടുക്കുന്ന വിഷയത്തെ ആസ്പദമാക്കി വിലയിരുത്തണം. പരസ്പര സമ്മതത്തോടെ ഏതെങ്കിലും ഒന്നിനു കീഴ്പ്പെടുന്നതിനെ നമുക്ക് വിട്ടുവീഴ്ച്ച എന്നു പറയാം. ഒന്നോ ഒന്നിലധികമോ വ്യക്തികളുടെ തീരുമാന ഫലമായിട്ടുണ്ടാകുന്ന ഒരു പ്രവർത്തിയാണിത്. നിയമ രഹിതമായ കാര്യങ്ങളിൽ വിട്ടുവീഴ്ച്ച ചെയ്യുന്നതു പാപമാണല്ലൊ. നിരുപദ്രവകരമായ വിട്ടുവീഴ്ച്ച എന്നു ചിലതിനെ ആളുകൾ പറഞ്ഞു ഒഴിഞ്ഞു മാറുന്നുണ്ട്. പക്ഷെ പാപം എല്ലാം അപകടം തന്നെയാണ്. സാഹിത്യ രംഗത്തും കലാ സാംസ്കാരിക രംഗത്തും പ്രവർത്തിക്കുന്നവർ വിട്ടുവീഴ്ച്ചക്കു തയ്യാറാകാതെ രാജിവെച്ച് ഒഴിഞ്ഞു പോകുന്ന ആദർശ ശാലികളായ ചില നേതാക്കന്മാരെ നമുക്ക് അറിയാം. അവരെ കുറിച്ച് നമുക്ക് അഭിമാനം തോന്നാം. നിസ്വാർത്ഥമായ രാജ്യ സ്നേഹം ഉള്ളവർക്കേ അതിനു കഴിയു. യുദ്ധക്കളത്തിൽ വിട്ടുവീഴ്ച്ചക്കു മനസു കാണിക്കാതെ മരണം വരിച്ച യോദ്ധാക്കളുണ്ടായിരുന്നു.

നമ്മുടെ ആത്മിയ ജീവിതത്തിൽ നാം ഈ വിഷയത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. കാരണം ദൈവ കല്പനകളുടെ ഉറവിടം ദൈവം ആണ്. ആ ദൈവത്തെയാണ് നാം പ്രസാദിപ്പിക്കേണ്ടത്. അതു തിരിച്ചറിഞ്ഞു വേണം നാം കാര്യങ്ങൾ തീരുമാനിക്കുവാൻ. കർത്താവിൻെറ സഭയിലുള്ളവർ ഒരിക്കലും നീതിയുടെ അതിരുകൾ ലംഘിക്കുന്ന രീതിയിൽ വിട്ടു വീഴ്ച്ച നടത്തുവാൻ പാടില്ല. പുരാതന കാലത്തു സ്ഥാപിച്ചതും ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളതുമായ മാർഗ്ഗരേഖ

ഏതു കാര്യത്തിലും നാം ഉറപ്പു വരുത്തണം. കാരണം തിരുവെഴുത്തിനെ മറി കടക്കാൻ ആർക്കും അവകാശമില്ല. ക്രിയാത്മകമായ ചിന്തകളെ കുറിച്ചു മാത്രം സംസാരിക്കുന്ന സഹോദരങ്ങളെ കുറിച്ച് എന്തു പറയാനാണ്. ക്രൂശിൽ ദാരുണമായി രണ്ടു കള്ളന്മാർക്കിടയിൽ ക്രൂശിക്കപ്പെട്ടതു ക്രുദ്ധരായ ജനവികാരത്തിന്റെ അനന്തര ഫലമായിരുന്നോ ? സത്യത്തിനു വേണ്ടി, നീതിക്കു വേണ്ടി അവസാനത്തോളം പ്രയത്നിച്ച ക്രിസ്തു എപ്പോഴെങ്കിലും അതിൽ നിന്നു ഒഴിഞ്ഞു മാറുകയോ വിട്ടു വീഴ്ച്ച ചെയ്യുകയോ ചെയ്തില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അവൻ കഷ്ടത സഹിക്കേണ്ടി വരികയില്ലായിരുന്നു നാം അതു ഗ്രഹിക്കണം. സത്യവും ദൈവ നീതിയും ബലി കഴിക്കാതെ ജീവിക്കുവാൻ നമുക്ക് മാതൃക കാണിച്ചു തന്ന ക്രിസ്തുവിനെ അനുഗമിക്കുന്നവർ ഇന്ന് എന്താണ് ചെയ്യുന്നത് ?

പുതിയ നിയമത്തിലെ ഉപദേശ രൂപത്തെ പഠിപ്പിക്കുന്നതിനെ മാററി യുവാക്കളെ ആകർഷിപ്പിക്കുന്നതിനു വേണ്ടി വിനോദരസ പ്രദങ്ങളായ കാര്യങ്ങളിൽ ചില ഉപദേഷ്ടാക്കൾ ഊന്നൽ കൊടുത്തതിന്റെ ഫലമായി സഭയിലെ അംഗങ്ങളിൽ ഏതാണ്ട് 30 ശതമാനത്തോളം ആളുകൾക്കു ബൈബിൾ പഠനത്തിന്റെ ആവശ്യകത അന്യമായിരിക്കയാണ്. അതുകൊണ്ടുണ്ടാകുന്ന ന്യൂനത എന്തെന്നാൽ അവർക്കു മററുള്ളവരെ സത്യം പഠിപ്പിക്കുവാൻ കഴിയുകയില്ല. ഇതിന്റെ കാരണം വളരെ സ്പഷ്ടമാണ്. മുഖ്യ ധാരയിൽ നിന്നു നേതൃത്വം കൊടുക്കുന്നവർ വഴി മാറി സഞ്ചരിച്ചു എന്നതാണ്. അപ്പൊസ്തലന്മാരുടെ കാലത്ത് അങ്ങനെ സംഭവിച്ചിരുന്നില്ല. ദുരുപദേഷ്ടാക്കന്മാരുടെ പ്രവർത്തന ഫലം തന്നെയാണ് ഇവരുടേയും പ്രവർത്തന ഫലമായുണ്ടാകുന്നത്. സത്യത്തെ ജനങ്ങളിൽ നിന്നു മാററി നിർത്തുകയാണ് ഇവർ. സഹോദരന്മാരേ, നാം സത്യം അറിയുകയും അനുസരിക്കയും ചെയ്തവരാണ്. അ

ത്യത്തിനു പകരമായി മററൊന്നില്ല. അതിനെ മലിനപ്പെടുത്തരുത്. സത്യത്തിനു മററൊന്നിൻേറയും ആവശ്യമില്ല. സത്യത്തിനു സ്വയമായി നിലനില്പാൻ കഴിയും. സത്യത്തിൽ വിശ്വാസമില്ലാത്തവരാണ് സത്യത്തെ കളങ്കപ്പെടുത്തുന്നത്. സ്വാർത്ഥതയോ, കാര്യലാഭമോ ആയിരിക്കാം അവരുടെ ലക്ഷ്യം. എന്നാൽ അവർ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്നതു മനപ്പൂർവ്വം മറന്നു കളയുന്നു.

ചിലർ നാമധേയ വിഭാഗങ്ങളെ അനുകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആളുകളെ വർദ്ധിപ്പിക്കുവാനും പേരു സമ്പാദിക്കുവാനുമായി സത്യ വചനത്തെ ദുരുപയോഗം ചെയ്യും. തെററായ കാര്യങ്ങൾക്കുവേണ്ടി തിരുവചനത്തെ ഉപയോഗിക്കരുത്. സത്യത്തിനു വേണ്ടി പ്രാണത്യാഗത്തോളം എതിർത്തു നില്ക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും കഴിയണം. ബൈബിൾ തത്വത്തെ നാം മാനിക്കുകയും അതനുസരിച്ച് തീരുമാനങ്ങൾ എടുക്കയും ചെയ്യണം. നാം വിതെക്കുന്നതാണ് കൊയ്യുന്നത്. ശരിയായ മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ് സത്യക്രിസ്ത്യാനികൾ. നാം ലോകത്തിനു കീഴ്പ്പെടരുത്. നാം ദൈവത്തിനും അവൻെറ ആത്മാവിനും കീഴ്പ്പെട്ടു ജീവിക്കണം. മാനുഷികവും ലൗകികവുമായ കാഴ്ചപ്പാടുകൾ ദൈവ മാർഗ്ഗത്തിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കാതെ നോക്കണം. ചുരുക്കി പറഞ്ഞാൽ നാം ദൈവ ഹിതത്തോടു നീതി പുലർത്തണം എന്നർത്ഥം.

കുട്ടികളെല്ലാം എവിടെ ? അടുത്ത ദശാബ്ദത്തിൽ അവരാണല്ലൊ സഭയെ വളർത്തേണ്ടവർ. അവരുടെ സാന്നിദ്ധ്യം ആരാധനയിലും ബൈബിൾ പഠനത്തിലും നിങ്ങൾ ഉറപ്പു വരുത്താറുണ്ടോ ? ഇല്ലെങ്കിൽ എന്താണ് തടസമായി നില്ക്കുന്നത് ? നിങ്ങൾ അവരുടെ കാര്യത്തിൽ വിട്ടു വീഴ്ച്ച ചെയ്തുകൊടുക്കയാണോ ? ബലഹീന സഹോദരന്മാർ സമൂഹത്തിൻെറ ഒഴുക്കിനനുസരിച്ച് നീങ്ങാൻ ശ്ര

മിക്കും. അവരുടെ വിചാരം നമ്മൾ സമൂഹത്തിലല്ലേ ജീവിക്കുന്നത് ? നമുക്ക് അവരെ പിണക്കാമോ എന്നതാണ്. ഈ കാര്യത്തിൽ ദൈവം എന്തു വിചാരിക്കും എന്നാണ് നാം ചിന്തിക്കേണ്ടത്. ദൈവ വചനം അനുസരിക്കാൻ ധൈര്യം കാണിക്കണം. കർത്താവിന്റെ ശക്തിയെ നാം അഗണ്യമായി കരുതരുത്. ബന്ധുക്കളുടെ സമ്മർദ്ദത്തെ ഭയപ്പെട്ടു അവരെ പ്രസാദിപ്പിക്കുവാൻ അവരുടെ ആത്മീയ കാര്യങ്ങൾക്കുവേണ്ടി വിട്ടു വീഴ്ച്ച നടത്തുന്നവർ ഉണ്ട്. പരിവർത്തനം ചെയ്യാത്ത ആളുകളെ നാം കർത്താവിലേക്കു തിരിക്കേണ്ടവരാണ്. പക്ഷെ അവരുടെ തെററായ കാര്യങ്ങൾക്കു വേണ്ടി വഴങ്ങി കൊടുത്താൽ നമുക്കവരെ സത്യത്തിലേക്കു കൊണ്ടുവരാൻ സാദ്ധ്യമല്ല.

നാം ചെയ്യുന്നതെന്തും ദൈവത്തിന്റെ അംഗീകാരത്തോടും സമ്മതത്തോടും കൂടെ ആയിരിക്കണം. വേദപുസ്തകത്തിലെ ദൈവ പുരുഷന്മാർ എല്ലാവരും അതാണ് ചെയ്തിരുന്നത്. നീതിയുടെ വഴിയാണ് അവർ സ്വീകരിച്ചത്. ദൈവ ഭക്തിയോടെ അവർ ജീവിച്ചു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സമ്മതമായിരുന്നു അവർക്കു പ്രധാനം. ദൈവത്തോടുള്ള ആദരവ് നാം പ്രകടിപ്പിക്കേണ്ടതു അങ്ങനെയാണ് ഗലാത്യർ 1:10). സത്യത്തോടു അണുവിടപോലും വിട്ടു വീഴ്ച്ച ചെയ്യാതിരുന്നവനായിരുന്നു അപ്പൊസ്തലനായ പൌലൊസ്. പുതിയ നിയമ കാലാരംഭത്തിൽ അനേകം ക്രിസ്ത്യാനികളുടെ ശിരഛേദം കഴിച്ചതു അവർ സത്യത്തിനു വേണ്ടി ഉറച്ചു നിന്നതുകൊണ്ടായിരുന്നു (വെളിപ്പാട് 18). ഭൂരിഭാഗം പേരും താന്താങ്ങൾക്കു ബോധിച്ചതു ചെയ്യുമ്പോൾ പിശാചിന്നു അവസരം ഒരുക്കി കൊടുക്കുകയാണ് മനുഷ്യർ. ക്രിസ്ത്യാനികൾ ലോകത്തിനു ഉപ്പായി തീരണമെങ്കിൽ കാരം വേണം; വെളിച്ചമായി തീരണമെങ്കിൽ പ്രകാശം വേണം.

★

കവിത

# ദ്ധരുത്രി

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

അല്ലയോ സുന്ദരാംഗിമുഖി വിശ്വംപരേശ്വരി,
നീയെന്തിനിങ്ങനെ മിണ്ടാതെനില്ക്കുന്നു.
നിന്നിലെ പവിഴക്കതിർക്കുല ചാർത്തിയ,
നവരത്നമാളികയല്ലയോ കേൾക്കുക.

പച്ചിലകാടുകൾ തിങ്ങിവിങ്ങുന്നൊരു,
സ്വച്ഛന്തമായ മലകൾക്കിടക്കിടെ.
വെള്ളിക്കിരണങ്ങൾ കതിർകാലനങ്ങുമ്പോൾ,
ഭൂമിയിൽകൂരിരുൾ എങ്ങോമറയുമേ,

ചക്രവാളത്തിനും അപ്പുറം നോക്കുകിൽ,
അന്തമില്ലാത്തൊരനന്തത കാണുമേ.
നില്ക്കാതെചുറ്റുന്ന മണ്ണിന്റെ ഭാരമോ,
തിട്ടംപറയുമോ മാനവമക്കളേ ?

സൃഷ്ടികർത്താവോ ഉരയ്ക്കുന്നുകേൾക്കുക,
എൻമകനിയ്യോമ്പേ കേൾക്കുക ചൊല്ലുക.
അടിസ്ഥാനമെന്നതു ഭൂമിക്കിട്ടപ്പോൾ,
നീ എവിടെയെന്നു നീയുരചെയ്യുക.

തങ്കംവിളയുന്ന തങ്കദ്ധരുത്രിയിൽ,
പട്ടിണിയും പിന്നെ കണ്ണീരുമെന്തിന്.
എല്ലുമുറിയെ പണിചെയ്യുനിങ്ങളാ,
കഷ്ടത നീക്കിതുഴയുകവഞ്ചിയെ.

ഭൂമിയിൻകൂരിരുൾ മാറ്റിതുടയ്ക്കുവാൻ,
പാരിൽ പിറന്നയെൻ പൊന്നേശുരാജനെ
മുള്ളിൻകിരീടം തലയിൽ തറച്ചുപോൽ,
കൊന്നുമുടിച്ചൊരു യൂദപ്പരമ്പരേ,
പൊന്നിൻകിരീടം ധരിച്ചവൻവന്നിടും
അന്നെന്റെ സങ്കടം തീരുമേകുട്ടരേ.

★

# പൌലൊസിൻെറ ജീവിതം തൊട്ടറിഞ്ഞ ചിലർ

### അലെൻ വെബ്സ്റ്റർ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

## ക്രേസ്കേസ് (2 തിമൊഥെയൊസ് 4:10) പേരറിയാത്ത സഹപ്രവർത്തകൻ

അവനെ പൌലൊസ് ഗലാത്യയിലേക്കു അയച്ചതാകാം. അവനെ കുറിച്ചു മറെറാന്നും നമുക്ക് അറിഞ്ഞുകൂടാ. ആവശ്യസമയത്തു പൌലൊസിനെ സഹായിക്കാനായി അവൻ ഉത്തേജനമായി നിലകൊണ്ടു. പൌലൊസിൻെറ ആദ്യത്തെ തടവിലാക്കപ്പെട്ടതിൻേറയും രണ്ടാമത്തെ തടവിലാക്കപ്പെട്ടതിൻേറയും ഇടക്ക് സ്പെയിനിലേക്കു യാത്ര തിരിച്ചപ്പോഴായിരിക്കണം ക്രേസ്കേസ് ഗലാത്യയിലേക്കു പോയതു എന്നു കരുതാം. ആ വഴിക്ക് അവൻ ഫ്രാൻസിലും ഇടവകകൾ ആരംഭിച്ചിരിക്കണം. കർത്താവിൻെറ നാമത്തിനുവേണ്ടി സഹായിയായി പ്രവർത്തിക്കുമ്പോൾ വളരെയധികം അറിയപ്പെടണമെന്നില്ല എന്ന പാഠമാണ് ക്രേസ്കേസിൽ നിന്നും നാം പഠിക്കുന്നത്. കാരണം നാം ചെയ്യുന്ന പ്രവർത്തികൾ അറിയേണ്ടതു ദൈവമാണ്.

## തീത്തൊസ് (2 തിമൊഥെയൊസ് 4:10) വിഷമസന്ധി തരണം ചെയ്യുന്നതിൽ വിദഗ്ദ്ധൻ

പൌലൊസിനോടു ഏററവും അടുത്ത വ്യക്തിയായിരുന്ന തീത്തൊസ് ജാതികളിൽ നിന്നു പരിവർത്തനം ചെയ്യപ്പെട്ടയാളായിരുന്നു. യെരുശലേം കൗൺസിലിൽ പരിച്ഛേദനയുടെ കാര്യത്തിൽ പരീക്ഷിക്കപ്പെട്ടവനുമാണ് (ഗലാത്യർ 2:3). കൊരിന്ത്യ സഭയിൽ വിവിധ പ്രശ്ന

ങ്ങൾ നേരിട്ടപ്പോൾ അതു പരിഹരിച്ചു സഭയെ ശക്തിപ്പെടുത്തുവാൻ സാരമായ പങ്കു വഹിച്ചവനായിരുന്നു അവൻ (2 കൊരിന്ത്യർ 2:12, 13; 7:6; 8:16-24). പൌലൊസിനെ ആദ്യമായി റോമിലേക്കു തടവിലാക്കുവാൻ കൊണ്ടുപോയപ്പോൾ, പൌലൊസ് തീത്തൊസിനെ ക്രേത്തയിൽ വിട്ടിരുന്നു. അവിടെയുള്ള സഭകളിൽ ഉടലെടുത്ത പ്രശ്നങ്ങൾ പരിഹരിച്ച് അവരെ ബലപ്പെടുത്തുവാനായിരുന്നു അത് (തീത്തൊസ് 1:5). പൌലൊസിനെ പിടിച്ചു തടവിലാക്കുന്നതിനു മുൻപ് പൌലൊസ് തീത്തൊസിനോടു, നിക്കൊപ്പൊലിയിൽ വന്നു അവനെ കാണുവാൻ ആവശ്യപ്പെടുന്നുണ്ട് (തീത്തൊസ് 3:12). പിന്നീട് അവനെ ദൽമത്യയിലേക്കു അയക്കുന്നുണ്ട്. അതു ദക്ഷിണ ഇറ്റലിയുടെ ഭാഗമായിരുന്നു. ഇന്നത്തെ ആധുനിക യുഗൊസ്ലോവിയയാണ്. സഹോദരന്മാർക്കിടയിൽ രൂപപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സമാധാനത്തിൽ സഭയെ ഉത്തേജിപ്പിക്കുക എന്ന നല്ലൊരു അനുഗ്രഹീത ഗുണപാഠമാണ് തീത്തൊസിൽ നിന്നു നാം പഠിക്കുന്നത് (മത്തായി 5:9).

## മർക്കൊസ് (2 തിമൊഥെയൊസ് 4:11) പ്രത്യാഗമന ബൈബിൽ

ബർന്നബാസിന്റെ മച്ചുനനായിരുന്നു അവൻ. പൌലൊസിന്റെ സുവിശേഷ യാത്രയിൽ ആദ്യത്തെ പങ്കാളിയായിരുന്നു (പ്രവൃത്തി 13:1-3). യെരുശലേമിൽ അറിയപ്പെടുന്ന ഒരു ക്രിസ്ത്യാനിയായിരുന്നു അവന്റെ അമ്മ (പ്രവൃത്തി 12:5). ആദ്യത്തെ മിഷനറി യാത്രയിൽ പൌലൊസിനോടൊപ്പം യാത്ര ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ടവനുമായിരുന്നു. പള്ളിയിലെ ശേഖരണം സൂക്ഷിക്കുന്ന ഒരു സഹായിയായിരുന്നു അവൻ (ലൂക്കൊസ് 4:20). ആ യാത്രയിൽ നിർഭാഗ്യവശാൽ മർക്കൊസ് പരാജയമായിരുന്നു (പ്രവൃത്തി 13:13). രണ്ടാമത്തെ യാത്രയിൽ മർക്കൊസിനെ കൊണ്ടുപോകുന്ന കാര്യത്തിൽ പൌലൊസിനും ബർന്നബാസിനും ഇടക്ക് എന്തെന്നില്ലാത്ത തർക്കം ഉണ്ടായി

(പ്രവൃത്തി 15:36-41). എന്നാൽ പൌലൊസ് പിന്നീട് മർക്കൊസിനെ പ്രയോജനമുള്ളവനായി കണക്കാക്കുന്നുണ്ട്. മർക്കൊസിനെ ഒരു വേലക്കാരനായിട്ടു പൌലൊസ് പന്ത്രണ്ടു വർഷം മുൻപ് അംഗീകരിച്ചിരുന്നു (കൊലൊസ്യർ 4:10; ഫിലെമോൻ 24). പത്രൊസ്. റോമിൽ ആയിരുന്നപ്പോൾ മർക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു (1 പത്രൊസ് 5:13). അവസാനം പൌലൊസിൽ നിന്നു കിട്ടിയ അംഗീകാരം മർക്കൊസിനെ സന്തോഷിപ്പിച്ചിരിക്കും. ദൈവ രാജ്യത്തിൽ ഒരു ഗൌരവമായ തെററ് പ്രയോജനപ്പെടുവാൻ തടസമല്ല എന്ന പാഠമാണ് ഇതിൽ നിന്നു നാം പഠിക്കുന്നത്.

## തിഹിക്കോസ് (2 തിമൊഥെയൊസ് 4:12) ആശ്വാസം പിടിക്കുന്നവൻ

ആസ്യയിൽ നിന്നുള്ള വിശ്വാസിയായിരുന്നു തിഹിക്കൊസ് (പ്രവൃത്തി 20:4). താൻ സ്വയമായി പൌലൊസിനെ അനുഗമിച്ച് ഒരു പക്ഷെ അപ്പൊസ്തലന്റെ വ്യക്തിപരമായ ശുശ്രൂഷ ചെയ്തിരിക്കാം. യെരൂശലേമിലെ സാധുക്കൾക്കു ധർമ്മശേഖരം എത്തിച്ചുകൊടുക്കാൻ നിയോഗിക്കപ്പെട്ട ഒരു ദൂതനായിരുന്നു അവൻ (പ്രവൃത്തി 20:4; 2 കൊരിന്ത്യർ 8:23). അവൻ ആസ്യക്കാരനായതുകൊണ്ടു ഒനേസിമോസിനോടൊപ്പം എഫേസൊസിലേക്കു ലേഖനങ്ങൾ കൊടുത്തയക്കാൻ അയച്ചിരുന്നു. തീത്തൊസിനു ആശ്വാസമായി തീരുവാൻ പൌലൊസ് തിഹിക്കൊസിനെ ക്രേത്തയിലേക്കു അയക്കുന്നുണ്ട് (തീത്തൊസ് 3:12). തീത്തൊസിനെ ആശ്വസിപ്പിപ്പാൻ അവനെ എഫെസൊസിലേക്കും അയക്കുന്നുണ്ട്. ആശ്വാസം നല്കുന്നവർ പ്രസിദ്ധരായി തീരണമെന്നില്ല. എങ്കിലും പലർക്കും ആവശ്യഘട്ടത്തിൽ ഉപകരിക്കുന്നു എന്നതു വാസ്തവമാണ്.

★

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

**To**

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378